marggam DIGITAL PUBLISHING
www.marggam.org

കുരിശിൻെറ വഴി

(ഗാനങ്ങളോട്ടുകൂടിയതു്)

Fr. Abel C. M. I.,
Prior General's House,
Ernakulam – 1

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

KURISINTE VAZHI

Author - Fr. Abel C. M. I.

First Edition - January 1967

Second Edition - March 1967

Price - 20 Ps.

Printed at S. J. Press, Mannanam

Rights reserved.

Nihil obstat:

Rev. Fr. Lucius C. M. I.

Rev. Fr. Severinus C. M. I.

Imprimi potest:

V. Rev. Fr. Canisius C. M. I.,
Prior General.

Imprimatur:

† Joseph Parekkattil,
Archbishop of Ernakulam,
25th Dec. 1966.

ആമുഖം

പ്രായോഗിക ജീവിതത്തിലും ആരാധന ക്രമത്തിലും വേദപുസ്തകത്തിനു കൂടുതൽ പ്രാധാന്യം നല്കണമെന്നു വത്തിക്കാൻ കൗൺസിൽ അഭിപ്രായപ്പെട്ടിട്ടുണ്ടു്. തദനുസരണം നമ്മുടെ ആരാധനക്രമങ്ങളും മററു ഭക്തകൃത്യങ്ങളുമെല്ലാം പരിഷ്കരിച്ചുവരികയാണല്ലോ. അക്കൂട്ടത്തിൽ കുരിശിൻെറ വഴിയും പരിഷ്കാരത്തിനു വിധേയമായിക്കൊണ്ടിരിക്കയാണു്. വേദപുസ്തകത്തിൽ അധിഷ്ഠിതമല്ലാത്ത സ്ഥലങ്ങൾ (Stations) മാററി പുതിയവ സ്വീകരിക്കുക, അവസാനത്തെ അത്താഴംമുതലുള്ള രംഗങ്ങൾ അതിൽ ഉൾപ്പെടുത്തുക എന്നിങ്ങനെ പല രീതികളും പരീക്ഷിച്ചുവരുന്നുണ്ടു്.

ഇപ്പോൾ നിലവിലിരിക്കുന്ന സ്ലീവാപ്പാതയിലെ ആറു്, ഏഴു്, ഒൻപതു് എന്നീ സ്ഥലങ്ങൾ ചരിത്രപരമാണോ എന്നു ചിലർ സംശയിക്കുന്നു. എങ്കിലും വളരെക്കാലമായി നാം അനുഷ്ഠിച്ചുപോരുന്ന കുരിശിൻെറ വഴിയിലെ ഈ പ്രത്യേക സ്ഥലങ്ങൾ മാററി പകരം പുതിയവ സ്വീകരിക്കുക അത്ര എളുപ്പമല്ലല്ലോ. അതിനാൽ ഘടനയ്ക്കു മാററം വരുത്താതെ വേദപുസ് ഭാഗങ്ങൾ കൂട്ടിച്ചേർത്തു് കുരിശിൻെറ വഴി

നവീകരിക്കുകമാത്രമാണ് ഈ പുസ്തകത്തിൽ ചെയ്തിട്ടുള്ളതു്.

ആഘോഷമായി നടത്തുന്ന സ്ലീവാപ്പാതയ്ക്കാണ് ഈ പുസ്തകം കൂടുതൽ ഉപകരിക്കുക. മററവസരങ്ങളിൽ ഗാനങ്ങളും ധ്യാനഭാഗങ്ങളും ഉപേക്ഷിച്ചാൽ പതിവുള്ള സമയംകൊണ്ടു തീർക്കാവുന്നതാണ്.

ഈശോയുടെ മണവാട്ടി കുരിശിന്റെ പിന്നാലെ എന്ന പേരിൽ ഫാ. ഏ. സി. അന്തിക്കാട്ട് എഴുതിയിരിക്കുന്ന പുസ്തകത്തിലെ ചില ഭാഗങ്ങൾ ഈ പുസ്തകരചനയിൽ എന്നെ സഹായിച്ചിട്ടുണ്ട്.

ഇതിലെ ഗാനങ്ങളെല്ലാം പാടി റിക്കാർഡു ചെയ്തുതന്ന സുപ്രസിദ്ധ പിന്നണിഗായകൻ ശ്രീ യേശുദാസിനും, ഭാഷാപരമായ മിനുക്കുപണികൾ നടത്തിത്തന്ന ഭാഷാപടുക്കൾക്കും, ഈ പരിശ്രമത്തിൽ എന്നെ പ്രോത്സാഹിപ്പിച്ചിട്ടുള്ള മററെല്ലാവർക്കും ഹൃദയംഗമമായ നന്ദി.

ഫാ. ആബേൽ സി. എം. ഐ.

marggam DIGITAL PUBLISHING
www.marggam.org

✝

കുരിശിൻെറ വഴി

(ഗാനങ്ങളോടുകൂടിയതു്)

പ്രാരംഭഗാനം

(കുരിശുചുമന്നവനേ . . .)

കുരിശിൽ മരിച്ചവനേ, കുരിശാലേ
വിജയം വരിച്ചവനേ;
മിഴിനീരൊഴുക്കിയങ്ങേ കുരിശിൻെറ
വഴിയേ വരുന്നു ഞങ്ങൾ.

ലോകൈകനാഥാ, നിൻ
ശിഷ്യനായ്ത്തീരുവാ-
നാശിപ്പോനെന്നുമെന്നും
കുരിശുവഹിച്ചു നിൻ
കാല്പാടു പിഞ്ചെല്ലാൻ
കല്പിച്ച നായകാ,

നിൻ ദിവ്യരക്തത്താ-
ലെൻ പാപമാലിന്യം
കഴുകേണമേ, ലോകനാഥാ.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

പ്രാരംഭപ്രാർത്ഥന.

നിത്യനായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ മനുഷ്യർക്കുവേണ്ടി ജീവൻ ബലികഴിക്കുവാൻ തിരുമനസ്സായ കർത്താവേ, ഞങ്ങൾ അങ്ങേയ്ക്കു നന്ദിപറയുന്നു.

അങ്ങുന്നു ഞങ്ങളെ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു (1). സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ലെന്നു് അങ്ങുന്നു അരുളിച്ചെയ്തിട്ടുണ്ടല്ലോ (2). പീലാത്തോസിന്റെ ഭവനംമുതൽ ഗാഗുൽത്താവരെ കുരിശും വഹിച്ചുകൊണ്ടുള്ള അവസാനയാത്ര അങ്ങേ സ്നേഹത്തിന്റെ ഏററം മഹത്തായ പ്രകടനമായിരുന്നു. കണ്ണുനീരിന്റേയും രക്തത്തിന്റേയും ആ വഴിയിൽകൂടി, വ്യാകുലയായ മാതാവിന്റെ പിന്നാലെ, ഒരു തീർത്ഥയാത്രയായി ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി ഞെരുക്കമുള്ളതും, വാതിൽ ഇടുങ്ങിയതുമാണെന്നു് (3) ഞങ്ങളെ അറിയിച്ച കർത്താവേ, ജീവിതത്തിന്റെ ഓരോ ദിവസവും ഞങ്ങൾക്കുണ്ടാകുന്ന വേദനകളും കുരിശുകളും സന്തോഷത്തോടെ

marggam DIGITAL PUBLISHING
www.marggam.org

സഹിച്ചുകൊണ്ട് ആ ഇടുങ്ങിയ വഴിയിൽക്കൂടി സഞ്ചരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

പരിശുദ്ധ ദേവമാതാവേ,

ക്രൂശിതനായ കർത്താവിൻെറ തിരുമുറിവുകൾ എൻെറ ഹൃദയത്തിൽ പതിച്ചുറപ്പിക്കണമേ.

---

(1) യോഹ. 13/1. (2) യോഹ. 15/13
(3) മത്തായി 7/13.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

(ഒന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

മരണത്തിനായ് വിധിച്ചു കറയററ
ദൈവത്തിൻ കുഞ്ഞാടിനെ
അപരാധിയായ് വിധിച്ചു കല്മഷം
കലരാത്ത കർത്താവിനെ.

അറിയാത്ത കുററങ്ങൾ
നിരയായ് ച്ചുമത്തി
പരിശുദ്ധനായ നിന്നിൽ;
കൈവല്യദാതാ, നിൻ
കാരുണ്യം കൈക്കൊണ്ടോർ
കദനത്തിലാഴ്ത്തി നിന്നെ. (1)

അവസാനവിധിയിൽ നീ–
യലിവാൻ ഞങ്ങൾക്കാ–
യരുളേണമേ നാകഭാഗ്യം.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

ഒന്നാം സ്ഥലം

ഈശോമിശിഹാ മരണത്തിനു
വിധിക്കപ്പെടുന്നു.

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു:

എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിൽ കൂടി അങ്ങുന്നു ലോകത്തെ രക്ഷിച്ചു.

മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനുള്ള ബലി ആരംഭിച്ചുകഴിഞ്ഞു. . . ഈശോ പീലാത്തോസിന്റെ മുമ്പിൽ നില്ക്കുന്നു.... അവിട

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING

www.marggam.org

ത്തെ ഒന്നു നോക്കുക.... ചമ്മട്ടിയടിയേററ ശരീരം.... രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങൾ.... തലയിൽ മുൾമുടി.... ഉറക്കമൊഴിഞ്ഞ കണ്ണുകൾ.... ക്ഷീണത്താൽ വിറയ്ക്കുന്ന കൈകാലുകൾ.... ദാഹിച്ചു വരണ്ട നാവ്.... ഉണങ്ങിയ ചുണ്ടുകൾ....

പീലാത്തോസ് വിധിവാചകം ഉച്ചരിക്കുന്നു (2).... കുററമില്ലാത്തവൻ കുററക്കാരനായി വിധിക്കപ്പെട്ടു.... എങ്കിലും, അവിടുന്ന് എല്ലാം നിശ്ശബ്ദനായി സഹിക്കുന്നു.

എൻെറ ദൈവമായ കർത്താവേ, അങ്ങുന്നു കുററമററവനായിരുന്നിട്ടും കുരിശുമരണത്തിനു വിധിക്കപ്പെട്ടുവല്ലോ. എന്നെ മററുള്ളവർ തെററിദ്ധരിക്കുമ്പോഴും, നിർദ്ദയമായി വിമർശിക്കുമ്പോഴും, കുററക്കാരനായി വിധിക്കുമ്പോഴും അതെല്ലാം അങ്ങയെപ്പോലെ സമചിത്തനായി സഹിക്കുവാൻ എന്നെയനുഗ്രഹിക്കണമേ. അവരുടെ ഉദ്ദേശ്യത്തെപ്പററി ചിന്തിക്കാതെ അവക്കു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ........

---

(1) സങ്കീ. 35. (2) ലൂ. 23/24.

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

(രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കുരിശു ചുമന്നിടുന്ന ലോകത്തിൻ
വിനകൾ ചുമന്നിടുന്ന (1)
നീങ്ങുന്ന ദിവ്യനാഥൻ നിന്ദനം
നിറയും നിരത്തിലൂടെ.

"എൻ ജനമേ, ചൊൽക
ഞാനെന്തു ചെയ്തു
കുരിശെന്റെ തോളിലേററാൻ?
പൃന്തേൻ തുളുമ്പുന്ന
നാട്ടിൽ ഞാൻ നിങ്ങളെ
ആശയോടാനയിച്ചു:

എന്തേ,യിദം നിങ്ങ-
ളെല്ലാം മറന്നെന്റെ
ആത്മാവിനാതങ്കമേററി?"

✠

രണ്ടാം സ്ഥലം

ഈശോമിശിഹാ കുരിശു
ചുമക്കുന്നു.

ഈശോമിശിഹായേ....

ഭാരമേറിയ കുരിശും ചുമന്നുകൊണ്ട് അവിടന്നു മുന്നോട്ടു നീങ്ങുന്നു.... ഈശോയുടെ ചുററും നോക്കുക.... സ്നേഹിതന്മാർ ആരുമില്ല.... യൂദാസ് അവിടത്തെ ഒററിക്കൊടുത്തു.... പത്രോസ് അവിടത്തെ പരിത്യജിച്ചു.... മററു ശിഷ്യന്മാർ ഓടിയൊളിച്ചു.... അവിടത്തെ അത്ഭുതപ്രവൃത്തികൾ കണ്ടവരും, അവയുടെ ഫലമനുഭ

വിച്ചവരും ഇപ്പോൾ എവിടെ?.... 'ഓശാന' പാടി എതിരേററവരും ഇന്നു നിശ്ശബ്ദരായിരിക്കുന്നു.... ഈശോയെ സഹായിക്കുവാനോ, ഒരാശ്വാസവാക്കു പറയുവാനോ അവിടെ ആരുമില്ല....

'എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു തന്റെ കുരിശും വഹിച്ചുകൊണ്ടു് എന്റെ പിന്നാലെ വരട്ടെ' എന്നു് അങ്ങുന്നു് അരുളിച്ചെയ്തിട്ടുണ്ടല്ലോ (2). എന്റെ സങ്കടങ്ങളുടെയും ക്ലേശങ്ങളുടെയും കുരിശു ചുമന്നുകൊണ്ടു ഞാൻ അങ്ങേ രക്തമണിഞ്ഞ കാല്പാടുകൾ പിന്തുടരുന്നു. വലയുന്നവരേയും ഭാരം ചുമക്കുന്നവരേയും ആശ്വസിപ്പിക്കുന്ന കർത്താവേ (3), എന്റെ ക്ലേശങ്ങളെല്ലാം പരാതികൂടാതെ സഹിക്കുവാൻ എന്നെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ....

---

(1) ഏശയ്യാ 53/4 (2) മത്തായി 16/24
(3) മത്തായി 11/28.

marggam
DIGITAL PUBLISHING
www.marggam.org

(മൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കുരിശിൻ കനത്ത ഭാരം താങ്ങുവാൻ
കഴിയാതെ ലോകനാഥൻ
പാദങ്ങൾ പതറിവീണു കല്ലുകൾ
നിറയും പെരുവഴിയിൽ.

തൃപ്പാദം കല്ലിന്മേൽ
തട്ടിമുറിഞ്ഞു,
ചെന്നിണം വാർന്നൊഴുകി:
മാനവരില്ലാ
വാനവരില്ല
താങ്ങിത്തുണച്ചിടുവാൻ:

അനുതാപമൂറുന്ന
ചുടുകണ്ണുനീർ തൂകി-
യണയുന്നു മുന്നിൽ ഞങ്ങൾ.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

✠

മൂന്നാം സ്ഥലം

ഈശോമിശിഹാ ഒന്നാം പ്രാവശ്യം
വീഴുന്നു.

ഈശോമിശിഹായേ....

കല്ലുകൾ നിറഞ്ഞ വഴി.... ഭാരമുള്ള കുരിശ്.... ക്ഷീണിച്ച ശരീരം.... വിറയ്ക്കുന്ന കാലുകൾ.... അവിടുന്ന് മുഖംകുത്തി നിലത്തു വീഴുന്നു.... മുട്ടുകൾ പൊട്ടി രക്തമൊലിക്കുന്നു.... യൂദന്മാർ അവിടുത്തെ പരിഹസിക്കുന്നു.... പട്ടാളക്കാർ അടിക്കുന്നു.... ജനക്കൂട്ടം ആർപ്പുവിളിക്കുന്നു.... അവിടുന്ന് മിണ്ടുന്നില്ല....

marggam DIGITAL PUBLISHING www.marggam.org

"ഞാൻ സഞ്ചരിക്കുന്ന വഴികളിൽ അവർ എനിക്കു കെണികൾ വച്ചു. ഞാൻ വലത്തോട്ടു തിരിഞ്ഞുനോക്കി. എന്നെ അറിയുന്നവർ ആരുമില്ല. ഓടിയൊളിക്കുവാൻ ഇടമില്ല. എന്നെ രക്ഷിക്കുവാൻ ആളുമില്ല." (1)

"അവിടന്നു നമ്മുടെ ഭാരം ചുമന്നു: നമുക്കു വേണ്ടി അവിടന്നു സഹിച്ചു." (2)

കർത്താവേ, ഞാൻ വഹിക്കുന്ന കുരിശിനും ഭാരമുണ്ട്. പലപ്പോഴും കുരിശോടുകൂടെ ഞാനും നിലത്തു വീണുപോകുന്നു. മറ്റുള്ളവർ അതു കണ്ടു പരിഹസിക്കയും, എൻെറ വേദന വർദ്ധിപ്പിക്കയും ചെയ്യാറുണ്ട്. കർത്താവേ, എനിക്കു വീഴ്ചകളുണ്ടാകുമ്പോൾ എന്നെത്തന്നെ നിയന്ത്രിക്കുവാൻ എന്നെ പഠിപ്പിക്കണമേ. കുരിശു വഹിക്കുവാൻ ശക്തിയില്ലാതെ ഞാൻ തളരുമ്പോൾ എന്നെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ....

---

(1) സങ്കീ. 141. (2) ഏശ. 53.

www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

(നാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

വഴിയിൽക്കരഞ്ഞുവന്നോ–രമ്മയെ
തനയൻ തിരിഞ്ഞുനോക്കി
സ്വർഗ്ഗീയകാന്തിചിന്തും മിഴികളിൽ
കുരമ്പു താണിറങ്ങി.

"ആരോടു നിന്നെ ഞാൻ
സാമ്യപ്പെടുത്തും
കദനപ്പെരുങ്കടലേ," (1)
ആരറിഞ്ഞാഴത്തി–
ലലതല്ലി നില്ക്കുന്ന
നിൻമനോവേദന ?

നിൻ കണ്ണുനീരാൽ
കഴുകേണമെന്നിൽ
പതിയുന്ന മാലിന്യമെല്ലാം.

marggam DIGITAL PUBLISHING
www.marggam.org

✠

നാലാം സ്ഥലം

ഈശോ വഴിയിൽവച്ചു
തന്റെ മാതാവിനെ കാണുന്നു.

ഈശോമിശിഹായേ . . .

കുരിശുയാത്ര മുന്നോട്ടു നീങ്ങുന്നു . . . ഇടയ്ക്കു സങ്കടകരമായ ഒരു കൂടിക്കാഴ്ച.... അവിടത്തെ മാതാവു് ഓടിയെത്തുന്നു.... അവർ പരസ്പരം നോക്കി.... കവിഞ്ഞൊഴുകുന്ന നാലു കണ്ണുകൾ . . . വിങ്ങിപ്പൊട്ടുന്ന രണ്ടു ഹൃദയങ്ങൾ . . . അമ്മയും മകനും സംസാരിക്കുന്നില്ല. . . മകന്റെ

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING www.marggam.org

വേദന അമ്മയുടെ ഹൃദയം തകർക്കുന്നു... അമ്മയുടെ വേദന മകൻെറ ദുഃഖം വർദ്ധിപ്പിക്കുന്നു...

നാല്പതാം ദിവസം ഉണ്ണിയെ ദേവാലയത്തിൽ കാഴ്ചവച്ച സംഭവം മാതാവിൻെറ ഓർമ്മയിൽ വന്നു. "നിൻെറ ഹൃദയത്തിൽ ഒരു വാൾ കടക്കും" എന്നു പരിശുദ്ധനായ ശിമയോൻ അന്നു പ്രവചിച്ചു. (2)

"കണ്ണുനീരോടെ വിതയ്ക്കുന്നവൻ സന്തോഷത്തോടെ കൊയ്യുന്നു." (3) "ഈ ലോകത്തിലെ നിസ്സാരസങ്കടങ്ങൾ നമുക്കു നിത്യഭാഗ്യം പ്രദാനം ചെയ്യുന്നു." (4)

ദുഃഖസമുദ്രത്തിൽ മുഴുകിയ ദിവ്യരക്ഷിതാവേ, സഹനത്തിൻെറ ഏകാന്ത നിമിഷങ്ങളിൽ അങ്ങേ മാതാവിൻെറ മാതൃക ഞങ്ങളെ ആശ്വസിപ്പിക്കട്ടെ. അങ്ങയുടേയും അങ്ങേ മാതാവിൻേറയും സങ്കടത്തിനു കാരണം ഞങ്ങളുടെ പാപങ്ങളാണെന്നു ഞങ്ങൾ അറിയുന്നു. അവയെല്ലാം പരിഹരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. 1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ...

---

(1) വിലപനം 2/13. (2) ലൂ. 2/35. (3) സങ്കീ. 125. (4) 2 കോറ. 4/17

www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

(അഞ്ചാം സ്ഥലത്തേക്കു പോകുമ്പോൾ)

കുരിശു ചുമന്നു നീങ്ങും നാഥനെ
ശിമയോൻ തുണച്ചിടുന്നു.
നാഥാ, നിൻ കുരിശു താങ്ങാൻ കൈവന്ന
ഭാഗ്യമേ, ഭാഗ്യം.

നിൻ കുരിശെത്രയോ
ലോലം, നിൻ നുക-
മാനന്ദദായകം (1)
അഴലിൽ വീണുഴലുന്നോർ-
ക്കവലംബമേകുന്ന
കുരിശേ, നമിച്ചിടുന്നു.

സുരലോകനാഥാ, നിൻ
കുരിശൊന്നു താങ്ങുവാൻ
തരണേ വരങ്ങൾ നിരന്തം.

marggam DIGITAL PUBLISHING www.marggam.org

✠

അഞ്ചാം സ്ഥലം

ശിമയോൻ ഈശോായെ
സഹായിക്കുന്നു.

ഈശോമിശിഹായേ....

ഈശോ വളരെയധികം [illegible] തളർന്നുകഴിഞ്ഞു.... ഇനി കുരിശോട്ടുകൂടെ മുന്നോട്ടു നീങ്ങുവാൻ ശക്തനല്ല.... അവിടന്നു വഴിയിൽവച്ചുതന്നെ മരിച്ചുപോയേക്കുമെന്നു യൂദന്മാർ ഭയന്നു.... അപ്പോൾ ശിമയോൻ എന്നൊരാൾ വയലിൽനിന്നു വരുന്നതു് അവർ കണ്ടു.... കെവുറീൻകാരനായ ആ മനുഷ്യൻ അലക്സാണ്ടറിന്റേയും

www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

റോപ്പോസിൻേറയും പിതാവായിരുന്നു.... അവിടത്തെ കുരിശു ചുമക്കുവാൻ അവർ അയാളെ നിർബന്ധിച്ചു– (2) അവക്ക് ഈശോയോട്ട് സഹതാപം തോന്നീട്ടല്ല.... ജീവനോടെ അവിടത്തെ കുരിശിൽ തറക്കണമെന്ന് അവർ തീരുമാനിച്ചിരുന്നു.

കരുണാനിധിയായ കത്താവേ, ഈ സ്ഥിതിയിൽ ഞാൻ അങ്ങയെ കണ്ടിരുന്നവെങ്കിൽ എന്നെത്തന്നെ വിസ്മരിച്ചു ഞാൻ അങ്ങയെ സഹായിക്കുമായിരുന്നു. എന്നാൽ "എൻെറ ഈ ചെറിയ സഹോദരന്മാരിൽ ഒരാൾക്കു നിങ്ങൾ ചെയ്യപ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്യതു" എന്ന് അങ്ങുന്ന് അരുളിച്ചെയ്യിട്ടുണ്ടല്ലോ (3). അതിനാൽ ചുററുമുള്ള വരിൽ അങ്ങയെ കണ്ടുകൊണ്ട് കഴിവുള്ള വിധത്തിലെല്ലാം അവരെ സഹായിക്കാൻ എന്നെ അനുഗ്രഹിക്കണമേ. അപ്പോൾ ഞാനും ശിമയോനെപ്പോലെ അനുഗ്രഹീതനാകും. അങ്ങേ പീഡാനുഭവം എന്നിലൂടെ പൂത്തിയാവുകയും ചെയ്യും. (4)

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ....

---

(1) മത്തായി 12/30. (2) മക്കോസ് 15. (3) മത്തായി 25/40 (4) കൊലൊ. 1/25.

marggam DIGITAL PUBLISHING
www.marggam.org

(ആറാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

വാടിത്തളർന്നു മുഖം — നാഥൻെറ
കണ്ണുകൾ താണുമങ്ങി
വേറോനിക്കാ മിഴിനീർ തൂകിയാ—
ദിവ്യാനനം തുടച്ചു.

മാലാഖമാർക്കെല്ലാ—
മാനന്ദമേകുന്ന
മാനത്തെപ്പൂനിലാവേ,
താബോർ മാമല—
മേലേ നിൻമുഖം
സൂര്യനെപ്പോലെ മിന്നി: (1)

ഇന്നാമുഖത്തിൻെറ
ലാവണ്യമൊന്നാകെ
മങ്ങി; ദുഃഖത്തിൽ മുങ്ങി.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margGam DIGITAL PUBLISHING
www.marggam.org

✠

ആറാം സ്ഥലം

വേറോനിക്കാ മിശിഹായുടെ
തിരുമുഖം തുടയ്ക്കുന്നു.

ഈശോമിശിഹായേ . . .

ഭക്തയായ വേറോനിക്കാ മിശിഹായെ കാണുന്നു . . . അവളുടെ ഹൃദയം സഹതാപത്താൽ നിറഞ്ഞു . . . അവൾക്ക് അവിടത്തെ ആശ്വസിപ്പിക്കണം . . . പട്ടാളക്കാരുടെ മദ്ധ്യത്തിലൂടെ അവൾ ഈശോയെ സമീപിക്കുന്നു... ആരെങ്കിലും എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ...

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING

www.marggam.org

സ്നേഹം പ്രതിബന്ധം അറിയുന്നില്ല... "പരമാത്മ ഹൃദയർ അവിടത്തെ കാണും"(2). "അങ്ങിൽ ശരണപ്പെടുന്നവരാരും നിരാശരാവുകയില്ല"(3) അവൾ ഭക്തിപൂർവ്വം തന്റെ തൂവാലയെടുത്തു. . . രക്തം പുരണ്ട മുഖം വിനയപൂർവ്വം തുടച്ചു . . .

"എന്നോടു സഹതപിക്കുന്നവരുണ്ടോ എന്നു ഞാൻ അന്വേഷിച്ചുനോക്കി. ആരെയും ഞാൻ കണ്ടില്ല: എന്നെയാശ്വസിപ്പിക്കാൻ ആരുമില്ല" (4) പ്രവാചകൻവഴി അങ്ങുന്ന് അരുളിച്ചെയ്ത ഈ വാക്കുകൾ എന്റെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. സ്നേഹം നിറഞ്ഞ കർത്താവേ, വേറോനിക്കായെപ്പോലെ അങ്ങേയോടു സഹതപിക്കാനും, അങ്ങയെ ആശ്വസിപ്പിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. അങ്ങേ പീഡാനുഭവത്തിന്റെ മായാത്ത മുദ്ര എന്റെ ഹൃദയത്തിൽ പതിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ . . .

---

(1) മ. 17. (2) സങ്കീ. 11.
(3) സങ്കീ. 25. (4) സങ്കീ. 69.

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

(ഏഴാം സ്ഥലത്തേക്കു പോകുമ്പോൾ)

ഉച്ചവെയ്ലിൽ പൊരിഞ്ഞു—ദുസ്സഹ
മർദ്ദനത്താൽ വലഞ്ഞു
ദേഹം തളർന്നു താണു—രക്ഷകൻ
വീണ്ടും നിലത്തുവീണു.

ലോകപാപങ്ങളാ—
ണങ്ങയെ വീഴിച്ചു
വേദനിപ്പിച്ചതേവം:
ഭാരം നിറഞ്ഞൊരാ—
ക്രൂശു നീങ്ങിച്ചതെൻ
പാപങ്ങൾതന്നെയല്ലോ:

താപം കലർന്നങ്ങേ
പാദം പുണർന്നു ഞാൻ
കേഴുന്നു; കനിയേണമെന്നിൽ.

marggam DIGITAL PUBLISHING

www.marggam.org

✠

ഏഴാം സ്ഥലം



ഈശോമിശിഹാ രണ്ടാം പ്രാവശ്യം
വീഴുന്നു.

ഈശോമിശിഹായേ ....

ഈശോ ബലഹീനനായി വീണ്ടും നിലത്തു വീഴുന്നു .... മുറിവുകളിൽനിന്നു രക്തമൊഴുകുന്നു .... ശരീരമാകെ വേദനിക്കുന്നു .... "ഞാൻ പൂഴിയിൽ വീണുപോയി: എന്റെ ആത്മാവു ദുഃഖിച്ചുതളർന്നു" (1) ചുറ്റുമുള്ളവർ പരിഹസിക്കുന്നു .... അവിടുന്നു അതൊന്നും ഗണ്യമാക്കുന്നില്ല .... "എന്റെ പിതാവു് എ

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING www.marggam.org

നീക്കുതന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?" (2) പിതാവിന്റെ ഇഷ്ടം നിറവേററാനല്ലാതെ അവിടുന്നു മററൊന്നും ആഗ്രഹിക്കുന്നില്ല (3).

മനുഷ്യപാപങ്ങളുടെ ഭാരമെല്ലാം ചുമന്ന മിശിഹായേ, (4) അങ്ങയെ ആശ്വസിപ്പിക്കുവാനായി ഞങ്ങൾ അങ്ങയെ സമീപിക്കുന്നു. അങ്ങയെക്കൂടാതെ ഞങ്ങൾക്കു് ഒന്നും ചെയ്യുവാൻ ശക്തിയില്ല (5) ജീവിതത്തിന്റെ ഭാരത്താൽ ഞങ്ങൾ തളർന്നുവീഴുകയും, എഴുന്നേല്ക്കുവാൻ കഴിവില്ലാതെ വലയുകയും ചെയ്യുന്നു. അങ്ങേ തൃക്കൈ നീട്ടി ഞങ്ങളെ സഹായിക്കണമേ. 1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ ....

---

(1) സങ്കീ. 118. (2) യോ. 18/11. (3) ലൂ. 22/42. (4) ഏശ. 50. (5) യോഹ. 15/5.

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

(എട്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

''ഓർശ്ലേമിൻ പുത്രിമാരേ, നിങ്ങളി-
ന്നെന്തിന്നെന്നെയോർത്തിങ്ങനേവം
കരയുന്നു? നിങ്ങളേയും സുതരേയു-
മോർത്തോർത്തു കേണുകൊൾവിൻ:

"വേദനതിങ്ങുന്ന
കാലം വരുന്നു-
കണ്ണീരണിഞ്ഞകാലം:
'മലകളേ, ഞങ്ങളെ
മൂട്ടുവിൻ വേഗ'മെ-
ന്നാരവം കേൾക്കുമെങ്ങും" (1)

കരൾനൊന്തു കരയുന്ന
നാരീഗണത്തിന്നു
നാഥൻ സമാശ്വാസമേകി.

marggam DIGITAL PUBLISHING www.marggam.org

✠

എട്ടാം സ്ഥലം

ഈശോമിശിഹാ ഓറശ്ലേം നഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു.

ഈശോമിശിഹായേ ....

ഓറശ്ലേത്തിന്റെ തെരുവുകൾ ശബ്ദായമാനമായി .... പതിവില്ലാത്ത ബഹളം കേട്ട് സ്ത്രീജനങ്ങൾ വഴിയിലേയ്ക്കു വരുന്നു .... അവർക്കു സുപരിചിതനായ ഈശോ കൊലക്കളത്തിലേയ്ക്കു നയിക്കപ്പെടുന്നു .... അവിടത്തെ പേരിൽ അവർക്ക് അനുകമ്പതോന്നി .... ഓശാന ഞായറാഴ്ചത്തെ ഘോഷയാത്ര അവരുടെ ഓർമ്മയിൽ വന്നു....

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

സൈത്തിൻകൊമ്പുകളും ജയ്‌വിളികളും.... അവർ കണ്ണുനീർവാർത്തു കരഞ്ഞു.... അവരുടെ സഹതാപപ്രകടനം അവിടുത്തെ ആശ്വസിപ്പിച്ചു.... അവിടുന്ന് അവരോടു പറയുന്നു: "നിങ്ങളേയും നിങ്ങളുടെ കുഞ്ഞുങ്ങളേയും ഓർത്തു കരയുവിൻ". (2)

ഏതാനും വഷ്ങ്ങൾക്കുള്ളിൽ ഓറശ്ലേം ആക്രമിക്കപ്പെടും.... അവരും അവരുടെ കുട്ടികളും പട്ടിണികിടന്നു മരിക്കും.... ആ സംഭവം അവിടുന്നു പ്രവചിക്കുകയായിരുന്നു.... അവിടുന്നു സ്വയം മറന്ന് അവരെ ആശ്വസിപ്പിക്കുന്നു.

എളിയവരുടെ സങ്കേതമായ കർത്താവേ, ഞെരുക്കത്തിന്റെ കാലത്ത് ഞങ്ങളെ ആശ്വസിപ്പിക്കുന്ന ദൈവമേ, (3) അങ്ങേ ദാരുണമായ പീഡകൾ ഓർത്ത് ഞങ്ങൾ ദുഃഖിക്കുന്നു. അവയ്ക്കു കാരണമായ ഞങ്ങളുടെ പാപങ്ങളോർത്ത് കരയുവാനും, ഭാവിയിൽ പരിശുദ്ധമായി ജീവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ ....

---

(1) ലൂ. 23. (2) ലൂ. 23/28.
(3) സങ്കീ. 9.

marggam DIGITAL PUBLISHING
www.marggam.org

(ഒൻപതാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കൈകാലുകൾ കുഴഞ്ഞു– നാഥന്റെ
തിരുമെയ് തളർന്നലഞ്ഞു
കരിശ്രുമായ് മൂന്നാമതും പൂഴിയിൽ
വീഴുന്നു ദൈവപുത്രൻ

"മെഴുകുപോലെന്നുടെ
ഹൃദയമുരുകി
കണ്ണും വരണ്ടുണങ്ങി
താണുപോയ് നാ;വെന്റെ
ദേഹം നുറുങ്ങി
മരണം പറന്നിറങ്ങി." (1)

വളരുന്നു ദുഃഖങ്ങൾ
തളരുന്നു പൂമേനി
ഉരുകുന്നു കരളിന്റെയുള്ളം.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

✠

ഒൻപതാം സ്ഥലം

ഈശോ മൂന്നാം പ്രാവശ്യം
വീഴുന്നു.

ഈശോമിശിഹായേ....

മുന്നോട്ടു നീങ്ങുവാൻ അവിടത്തേയ്ക്കു് ഇനി ശക്തിയില്ല.... രക്തമെല്ലാം തീരാറായി.... തല കറങ്ങുന്നു.... ശരീരം വിറയ്ക്കുന്നു.... അവിടന്നു് അതാ നിലംപതിക്കുന്നു.... സഹായിച്ചിരുന്ന ശിമയോനും ആ വീഴ്ച തടയുവാൻ കഴിഞ്ഞില്ല.... ഈശോ നിലത്തു വീണു കിടക്കുന്നു.... സ്വയം എഴുന്നേല്ക്കുവാൻ ശക്തിയില്ല.... ശത്രു

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

ക്കൾ അവിടത്തെ വലിച്ചിഴക്കുന്നു.... ബലി പൂർത്തിയാകുവാൻ ഇനി വളരെ സമയമില്ല.... അവിടുന്നു നടക്കുവാൻ ശ്രമിക്കുന്നു....

"നീ പീഡിപ്പിക്കുന്ന ഈശോയാകുന്നു ഞാൻ" (2) എന്നു ശാവോലിനോട്ട് അരുളിച്ചെയ്ത വാക്കുകൾ ഇപ്പോൾ നമ്മെ നോക്കി അവിടുന്നു ആവർത്തിക്കുന്നു.

ലോകപാപങ്ങൾക്കു പരിഹാരം ചെയ്ത കർത്താവേ, അങ്ങേ പീഡകളുടെ മുമ്പിൽ എന്റെ വേദനകൾ എത്ര നിസ്സാരമാകുന്നു! എങ്കിലും ജീവിതഭാരം നിമിത്തം ഞാൻ പലപ്പോഴും ക്ഷീണിച്ചുപോകുന്നു. പ്രയാസങ്ങൾ എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. ഒരു വേദന തീരുംമുമ്പേ മറ്റൊന്നു വന്നുകഴിഞ്ഞു. ജീവിതത്തിൽ നിരാശനാകാതെ, അവയെല്ലാം അങ്ങയെ ഓർത്തു സഹിക്കുവാൻ എനിക്കു ശക്തി തരണമേ. എന്തെന്നാൽ എന്റെ ജീവിതം ഇനി എത്ര നീളമെന്ന് എനിക്കറിഞ്ഞുകൂടാ. "ആർക്കും വേല ചെയ്യാൻ പാടില്ലാത്ത രാത്രികാലം അടുത്തുവരികയാണല്ലോ" (3).

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ....

---

(1) സങ്കീ. 22. (2) നടപടി 9/4.
(3) യോ. 9/4.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

(പത്താം സ്ഥലത്തെയ്ക്കു പോകുമ്പോൾ)

എത്തീവിലാപയാത്ര കാൽവരി-
ക്കുന്നിൻ മുകൾപ്പരപ്പിൽ
നാഥന്റെ വസ്ത്രമെല്ലാം ശത്രുക്ക-
ളൊന്നായുരിഞ്ഞുനീക്കി

"വൈരികൾ തിങ്ങിവ-
ന്നെന്റെ ചുററിലും
ഘോരമാംഗർജ്ജനങ്ങൾ!
ഭാഗിച്ചെടുത്തെന്റെ
വസ്ത്രങ്ങളെല്ലാം" (1)
പാപികൾ വൈരികൾ

നാഥാ, വിശുദ്ധിതൻ
തൂവെള്ള വസ്ത്രങ്ങൾ
കനിവാന്ന ചാർത്തേണമെന്നെ.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

✠

പത്താം സ്ഥലം

ദിവ്യരക്ഷകന്റെ വസ്ത്രങ്ങൾ
ഉരിഞ്ഞെടുക്കുന്നു.

ഈശോമിശിഹായേ....

ഗാഗുൽത്തായിൽ എത്തിയപ്പോൾ അവർ അവിടത്തേയ്ക്കു മീറാ കലർത്തിയ വീഞ്ഞു കൊടുത്തു. എന്നാൽ അവിടന്ന് അതു സ്വീകരിച്ചില്ല (1) അവിടത്തെ വസ്ത്രങ്ങൾ നാലായി ഭാഗിച്ച് ഓരോരുത്തർ ഓരോ ഭാഗം എടുക്കുകയും ചെയ്തു. മേലങ്കി തയ്യൽ കൂടാതെ നെയ്ത

marggam DIGITAL PUBLISHING www.marggam.org

പ്പെട്ടതായിരുന്നു. അതു് ആൎക്കു ലഭിക്കണമെന്നു ചിട്ടിയിട്ടു തീരുമാനിക്കാം എന്നു് അവർ പരസ്പരം പറഞ്ഞു. "എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു: എന്റെ മേലങ്കിക്കു വേണ്ടി അവർ ചിട്ടിയിട്ടു" (2) എന്നുള്ള തിരുവെഴുത്തു് അങ്ങനെ അന്വൎത്ഥമായി (3).

രക്തത്തിൽ ഒട്ടിപ്പിടിച്ചിരുന്ന വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെട്ടപ്പോൾ ദുസ്സഹമായ വേദനയനുഭവിച്ച മിശിഹായേ, പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാററി (4) അങ്ങയെ ധരിക്കുവാനും, മറെറാരു ക്രിസ്തുവായി ജീവിക്കുവാനും എന്നെ അനുഗ്രഹിക്കണമെ.

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ....

---

(1) സങ്കീ. 22. (2) സങ്കീ. 22.
(3) മൎക്കോസ് 15. (4) കൊലസ്. 3/9.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

(പതിനൊന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കുരിശിൽക്കിടത്തിടുന്ന നാഥന്റെ
കൈകാൽ തറച്ചിടുന്നു—
മർത്ത്യന്നു രക്ഷനല്കാനെത്തിയ
ദിവ്യമാം കൈകാലുകൾ.

"കനിവററ വൈരികൾ
ചേർന്നു തുളച്ചെന്റെ
കൈകളും കാലുകളും" (1)
പെരുകുന്നു വേദന—
യുരുകുന്നു ചേതന:
നിലയററ നീർക്കയം

"മരണം പരത്തിയോ—
രിരുളിൽക്കുടുങ്ങി ഞാൻ:
ഭയമൊന്നായൊന്നായ് വീഴങ്ങി" (2)

marggam DIGITAL PUBLISHING
www.marggam.org

✠

പതിനൊന്നാം സ്ഥലം

ഈശോമിശിഹാ കുരിശിന്മേൽ
തറയ്ക്കപ്പെടുന്നു.

ഈശോമിശിഹായേ....

ഈശോയെ കുരിശിൽ കിടത്തി കൈകളിലും കാലുകളിലും അവർ ആണി തറയ്ക്കുന്നു.... ആണിപ്പഴുതുകളിലേയ്ക്കു കൈകാലുകൾ വലിച്ചുനീട്ടുന്നു.... ഉഗ്രമായ വേദന.... മനുഷ്യനു സങ്കല്പിക്കാൻ കഴിയാത്തവിധം ദുസ്സഹമായ പീഡകൾ.... എങ്കിലും അവിടത്തെ അധരങ്ങളിൽ

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING www.marggam.org

പരാതിയില്ല.... കണ്ണുകളിൽ നൈരാശ്യമില്ല.... പിതാവിൻെറ ഇഷ്ടം നിറവേറട്ടെ എന്ന് അവിടുന്നു പ്രാർത്ഥിക്കുന്നു.

ലോകരക്ഷകനായ കർത്താവേ, സ്നേഹത്തിൻെറ പുതിയ സന്ദേശവുമായി വന്ന അങ്ങയെ ലോകം കുരിശിൽ തറച്ചു. അങ്ങുന്നു ലോകത്തിൽനിന്നല്ലാത്തതിനാൽ ലോകം അങ്ങയെ ദ്വേഷിച്ചു. യജമാനനെക്കാൾ വലിയ ഭൃത്യനില്ലെന്ന് അങ്ങുന്നു അരുളിച്ചെയ്തിട്ടുണ്ടല്ലോ. അങ്ങയെ പീഡിപ്പിച്ചവർ ഞങ്ങളേയും പീഡിപ്പിക്കുമെന്നു ഞങ്ങളറിയുന്നു (3). അങ്ങയോടുകൂടെ കുരിശിൽ തറയ്ക്കപ്പെടുവാനും, ലോകത്തിനു മരിച്ച് അങ്ങേയ്ക്കുവേണ്ടിമാത്രം ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ (4).

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ....

---

(1) സങ്കീ. 22. (2) സങ്കീ. 55.
(3) യോ. 15. (4) ഗാല. 2/20.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

(പന്ത്രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

കുരിശിൽക്കിടന്നു ജീവൻ പിരിയുന്നു
ഭുവനൈകനാഥനീശോ
സൂര്യൻ മറഞ്ഞിരുണ്ടു—നാടെങ്ങു—
മന്ധകാരം നിറഞ്ഞു.

"നരികൾക്കുറങ്ങുവാ—
നളയുണ്ടു, പറവയ്ക്കു
കൂടുണ്ടു പാർക്കുവാൻ
നരപുത്രനൂഴിയിൽ
തലയൊന്നു ചായ്ക്കുവാ—
നിടമില്ലാരേടവും" (1)

പുൽക്കൂട്ടതൊട്ടങ്ങേ
പുൽകുന്ന ദാരിദ്ര്യം
കുരിശോളം കൂട്ടായിവന്നു.

marggam DIGITAL PUBLISHING
www.marggam.org

പന്ത്രണ്ടാം സ്ഥലം

ഈശോമിശിഹാ കുരിശിന്മേൽ തൂങ്ങി മരിക്കുന്നു.

ഈശോമിശിഹായേ ....

രണ്ടു കള്ളന്മാരുടെ നടുവിൽ അവിടത്തെ അവർ കുരിശിൽ തറച്ചു .... കുരിശിൽ കിടന്നുകൊണ്ടു ശത്രുക്കൾക്കുവേണ്ടി അവിടന്നു പ്രാർത്ഥിക്കുന്നു .... നല്ല കള്ളനെ ആശ്വസിപ്പിക്കുന്നു .... മാതാവും മററു സ്ത്രീകളും കരഞ്ഞുകൊണ്ടു കുരിശിന്റെ താഴെ നിന്നിരുന്നു. 'ഇതാ നിന്റെ മകന്'

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING www.marggam.org

എന്ന് അമ്മയോടും, 'ഇതാ! നിന്റെ അമ്മ' എന്നു യോഹന്നാനോടും അവിടന്ന് അരുളിച്ചെയ്തു. ആറുമണി സമയമായിരുന്നു. 'എന്റെ പിതാവേ, അങ്ങേ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു' എന്നരുളിച്ചെയ്ത് അവിടന്നു മരിച്ചു. പെട്ടെന്നു സൂര്യൻ ഇരുണ്ടു. ഒൻപതുമണിവരെ ഭൂമിയിലെങ്ങും അന്ധകാരമായിരുന്നു. ദേവാലയത്തിലെ തിരശ്ശീല നടുവേ കീറിപ്പോയി. ഭൂമിയിളകി: പാറകൾ പിളർന്നു: പ്രേതാലയങ്ങൾ തുറക്കപ്പെട്ടു.

ശതാധിപൻ ഇതെല്ലാം കണ്ടു ദൈവത്തെ സ്തുതിച്ചുകൊണ്ട് 'ഈ മനുഷ്യൻ യഥാർത്ഥത്തിൽ നീതിമാനായിരുന്നു' എന്ന് വിളിച്ചുപറഞ്ഞു. കണ്ടുനിന്നിരുന്നവർ മാറത്തടിച്ചുകൊണ്ടു മടങ്ങിപ്പോയി (2).

“എനിക്ക് ഒരു മാമ്മോദീസാ മുങ്ങുവാനുണ്ട്: അതു പൂർത്തിയാകുന്നതുവരെ ഞാൻ അസ്വസ്ഥനാകുന്നു” (3) കർത്താവേ, അങ്ങുന്ന് ആഗ്രഹിച്ച മാമ്മോദീസാ അങ്ങുന്നു മുങ്ങിക്കഴിഞ്ഞു. അങ്ങേ ദഹനബലി അങ്ങുന്നു പൂർത്തിയാക്കി. എന്റെ ബലിയും ഒരിക്കൽ പൂർത്തിയാകും. ഞാനും ഒരു ദിവസം മരിക്കും. അന്ന് അങ്ങയെപ്പോലെ ഇപ്രകാരം പ്രാർത്ഥിക്കുവാൻ എന്നെ അനുവദിക്കണമേ: “എന്റെ പിതാവേ, ഭൂമിയിൽ ഞാൻ അങ്ങയെ മഹത്വപ്പെടുത്തി: എന്നെ ഏല്പിച്ചിരുന്ന ജോലി ഞാൻ പൂർത്തി

www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

യാക്കി. ആകയാൽ അങ്ങേ പക്കൽ എന്നെ മഹത്വപ്പെടുത്തണമേ" (4).

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ ....

(1) മത്താ. 8/20. (2) മത്താ. 27, മർക്കോ. 15. ലൂ. 23. യോ. 19. (3) ലൂ. 12/50. (4) യോ. 17.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

(പതിമൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

അരുമസുതൻെറ മേനി മാതാവു
മടിയിൽക്കിടത്തിട്ടുന്നു:
അലയാഴിപോലെ നാഥേ, നിൻ ദുഃഖ-
മതിരു കാണാത്തതല്ലോ.

പെരുകുന്ന സന്താപ-
മുനയേററഹോ നിൻെറ
ഹൃദയം പിളർന്നുവല്ലോ (1).
ആരാരുമില്ല തെ-
ല്ലാശ്വാസമേകുവാ-
നാകുലനായികേ.

"ഏറുന്ന ദുഃഖത്തിൽ
ച്ചുററും തിരഞ്ഞു ഞാൻ
കിട്ടീലൊരാശ്വാസമെങ്ങും" (2)

marggam DIGITAL PUBLISHING www.marggam.org

✠

പതിമ്മൂന്നാം സ്ഥലം

മിശിഹായുടെ മൃതദേഹം
മാതാവിന്റെ മടിയിൽ കിടത്തുന്നു.

ഈശോമിശിഹായേ ....

അന്നു വെള്ളിയാഴ്ചയായിരുന്നു. പിറേറന്നു ശാബതമാകും. അതുകൊണ്ടു ശരീരങ്ങൾ രാത്രി കുരിശിൽ കിടക്കാൻ പാടില്ലെന്നു യൂദന്മാർ പറഞ്ഞു. എന്തെന്നാൽ ആ ശാബതം വലിയ ദിവസമായിരുന്നു. തന്മൂലം കുരിശിൽ തറയ്ക്കപ്പെട്ടവരുടെ കണങ്കാലുകൾ തകർത്തു ശരീരം താഴെയിറക്കണമെന്ന് അവർ പീലാത്തോസി

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING www.marggam.org

നോട്ട് ആവശ്യപ്പെട്ടു. ആകയാൽ പടയാളികൾ വന്ന് മിശിഹായോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന രണ്ടുപേരുടേയും കണങ്കാലുകൾ തകർത്തു. ഈശോ പണ്ടേ മരിച്ചുകഴിഞ്ഞിരുന്നു എന്നു കണ്ടതിനാൽ അവിടുത്തെ കണങ്കാലുകൾ തകർത്തില്ല. എങ്കിലും പടയാളികളിൽ ഒരാൾ കുന്തംകൊണ്ട് അവിടുത്തെ വിലാപ്പുറത്തു കുത്തി. ഉടനെ അവിടെനിന്നു രക്തവും വെള്ളവും ഒഴുകി (3). അനന്തരം മിശിഹായുടെ മൃതദേഹം കുരിശിൽ നിന്നിറക്കി അവർ മാതാവിന്റെ മടിയിൽ കിടത്തി.

ഏററം വ്യാകുലയായ മാതാവേ, അങ്ങ വത്സലപുത്രൻ മടിയിൽ കിടന്നുകൊണ്ടു മൂകമായ ഭാഷയിൽ അന്ത്യയാത്ര പറഞ്ഞപ്പോൾ അങ്ങുന്ന് അനുഭവിച്ച സങ്കടം ആർക്കു വിവരിക്കുവാൻ കഴിയും? ഉണ്ണിയായി പിറന്ന ദൈവകുമാരനെ ആദ്യമായി കൈയിലെടുത്തതുമുതൽ ഗാഗുൽത്താവരെയുള്ള സംഭവങ്ങൾ ഓരോന്നും അങ്ങേ ഓർമ്മയിൽ തെളിഞ്ഞുനിന്നു. അപ്പോൾ അങ്ങുന്നു സഹിച്ച പീഡകളെ ഓർത്തു ജീവിതദുഃഖത്തിന്റെ ഏകാന്തനിമിഷങ്ങളിൽ ഞങ്ങളെ ധൈര്യപ്പെടുത്തിയാശ്വസിപ്പിക്കണമെ.

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ ....

---

(1) സങ്കീ. 69. (2) യോ. 19.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
DIGITAL PUBLISHING
www.marggam.org

(പതിന്നാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)

നാഥന്റെ ദിവ്യദേഹം വിധിപോലെ
സംസ്കരിച്ചിട്ടുന്നിതാ
വിജയം വിരിഞ്ഞുപൊങ്ങും ജീവന്റെ
ഉറവയാണക്കുടീരം.

മൂന്നുനാൾ മത്സ്യത്തി–
നുള്ളിൽക്കഴിഞ്ഞൊരു
യൗനാൻ പ്രവാചകൻപോൽ (1)
ക്ലേശങ്ങളെല്ലാം
പിന്നിട്ടു നാഥൻ
മൂന്നാംദിനമുയിർക്കും:

പ്രഭയോടുയിർത്തങ്ങേ
വരുംവല്ലിനെത്തീടാൻ
വരമേകണേ ലോകനാഥാ.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

✠

പതിനാലാം സ്ഥലം

ഈശോയുടെ മൃതദേഹം
കല്ലറയിൽ സംസ്കരിക്കുന്നു.

ഈശോമിശിഹായേ....

അനന്തരം പീലാത്തോസിന്റെ അനുവാദത്തോടേ റാംസാക്കാരനായ യൗസേപ്പ് ഈശോയുടെ മൃതദേഹം ഏറ്റെടുത്തു. നൂറു റാത്തലോളം സുഗന്ധക്കൂട്ടുമായി നിക്കോദേമൂസും അയാളുടെകൂടെ വന്നിരുന്നു. യൂദന്മാരുടെ ആചാരമനുസരിച്ചു കച്ചകളും പരിമളദ്രവ്യങ്ങളുംകൊണ്ടു ശരീരം പൊതിഞ്ഞു. ഈശോയെ കരി

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING www.marggam.org

ശിൽ തറച്ചിടത്തു് ഒരു തോട്ടവും, അവിടെ ഒരു പുതിയ കല്ലറയുമുണ്ടായിരുന്നു. ശാബതം ആരംഭിച്ചിരുന്നതുകൊണ്ടും, കല്ലറ അടുത്തായിരുന്നതുകൊണ്ടും, അവർ ഈശോയെ അവിടെ സംസ്കരിച്ചു (2).

"അങ്ങുന്നു് എന്റെ ആത്മാവിനെ പാതാളത്തിൽ തള്ളുകയില്ല: അങ്ങേ പരിശുദ്ധൻ അഴിഞ്ഞുപോകുവാൻ അനുവദിക്കയുമില്ല (3).

അനന്തമായ പീഡകൾ സഹിച്ചു മഹത്വത്തിലേയ്ക്കു പ്രവേശിച്ച (4) മിശിഹായേ, അങ്ങയോടുകൂടി മരിക്കുന്നവർ അങ്ങയോടുകൂടെ ജീവിക്കുമെന്നു (5) ഞങ്ങൾ അറിയുന്നു. മാമ്മോദീസാ വഴിയായി ഞങ്ങളും അങ്ങയോടുകൂടെ സംസ്കരിക്കപ്പെട്ടിരിക്കയാണല്ലോ (6). രാവും പകലും അങ്ങേ പീഡാനുഭവത്തെപ്പററി ചിന്തിച്ചുകൊണ്ടു് പാപത്തിനു മരിച്ചവരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

പരിശുദ്ധ ദേവമാതാവേ....

---

(1) മ. 12/40. (2) യോ. 19. (3) സങ്കീ. 16. (4) ലൂ. 24/26. (5) II തിമോ. 2/11 (6) റോ. 6/4.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

സമാപനഗാനം

ലോകത്തിലാഞ്ഞു വീശി സത്യമാം
നാകത്തിൻ ദിവ്യകാന്തി:
സ്നേഹം തിരഞ്ഞിറങ്ങി പാവന
സ്നേഹപ്രകാശതാരം:

നിന്ദിച്ചു മർത്ത്യനാ—
സ്നേഹത്തിടമ്പിനെ
നിർദ്ദയം ക്രൂശിലേററി;
നന്ദിയില്ലാത്തവർ
ചിന്തയില്ലാത്തവർ—
നാഥാ, പൊറുക്കേണമേ.

നിൻപീഡയോർത്തോർത്തു
കണ്ണീരൊഴുക്കുവാൻ
നല്കേണമേ നിൻവരങ്ങൾ.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING www.marggam.org

സമാപന പ്രാർത്ഥന

നീതിമാനായ പിതാവേ, അങ്ങയെ രഞ്ജിപ്പിക്കുവാൻ സ്വയം ബലിവസ്തുവായിത്തീന്ന പ്രിയപുത്രനെ തൃക്കൺപാക്കണമേ. ഞങ്ങൾക്കു വേണ്ടി മരണംവരിച്ച അങ്ങേ പുത്രനെ സ്വീകരിച്ചുകൊണ്ടു ഞങ്ങളുടെ പാപങ്ങൾ പൊറുക്കുകയും, ഞങ്ങളോടു രമ്യപ്പെടുകയും ചെയ്യണമേ.

അങ്ങേ തിരുകുമാരൻ ഗാഗുൽത്തായിൽ ചിന്തിയ തിരുരക്തം ഞങ്ങൾക്കുവേണ്ടി പ്രാൎത്ഥിക്കുന്നു. ആ തിരുരക്തത്തെയോൎത്തു ഞങ്ങളുടെ പ്രാൎത്ഥന കൈക്കൊള്ളണമേ.

ഞങ്ങളുടെ പാപം വലുതാണെന്നു ഞങ്ങളറിയുന്നു. എന്നാൽ അങ്ങേ കാരുണ്യം അതിനെക്കാൾ വലതാണല്ലോ. ഞങ്ങളുടെ പാപങ്ങൾ കണക്കിലെടുക്കുമ്പോൾ അവയ്ക്കുവേണ്ടിയുള്ള ഈ പരിഹാരബലിയേയും ഗൗനിക്കണമേ.

ഞങ്ങളുടെ പാപങ്ങൾ നിമിത്തം അങ്ങേ പ്രിയപുത്രൻ ആണികളാൽ തറയ്ക്കപ്പെടുകയും, കുന്തത്താൽ കുത്തപ്പെടുകയും ചെയ്തു. അങ്ങേ പ്രസാദിപ്പിക്കാൻ അവിടത്തെ പീഡകൾ ധാരാളം മതിയല്ലോ.

www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

താൻെറ പുത്രനെ ഞങ്ങൾക്കു നല്കിയ പിതാവിനു സ്തുതിയും, കുരിശുമരണത്താൽ ഞങ്ങളെ രക്ഷിച്ച പുത്രന് ആരാധനയും, രക്ഷണകൃത്യം പൂർത്തിയാക്കിയ പരിശുദ്ധാത്മാവിനു സ്തോത്രവുമുണ്ടായിരിക്കട്ടെ ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ.

മനസ്താപപ്രകരണം.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

Printed at the St. Joseph's Press, Mannanam.
1967.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org